# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 296 — 28/01/2019-ൽ മറുപടിക്ക്

## ആരോഗ്യ സ്ഥാപന നിയന്ത്രണ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ. സുനിൽ കുമാർ** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | ആരോഗ്യ സ്ഥാപന നിയന്ത്രണ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) | പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും നിലവാരം നിർണ്ണയിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് 2018, നിലവിൽ വന്നിട്ടുള്ളത്. |
| ബി) | ഇതിന്റെ ഭാഗമായി ആശുപത്രികളുടേയും ലബോറട്ടറികളുടേയും രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) യും സി) യും ഡി) യും | കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്നു. ആദ്യഘട്ടമായി പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ അംഗീകൃത ചികിത്സാ സമ്പ്രദായമായ മോഡേൺ മെഡിസിന് (ദന്തചികിത്സ ഉൾപ്പെടെ) കീഴിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്കായി താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഇത് മറ്റ് ജില്ലകളിലേയ്ക്കും ഉടനെ വ്യാപിപ്പിക്കുന്നതാണ്. താൽക്കാലിക രജിസ്ട്രേഷൻ രണ്ടു വർഷത്തേയ്ക്ക് സാധുവായിരിക്കവേ, ഈ കാലയളവിൽ ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കുകയും തരം തിരിക്കുകയും ഓരോ ഇനത്തിനും തരത്തിനും വേണ്ട നിലവാരങ്ങളും, ജീവനക്കാരുടെ യോഗ്യതകളും നിശ്ചയിക്കുന്നതും ഇവ വിജ്ഞാപനം ചെയ്യുന്നതുമാണ്. ഇതോടൊപ്പം എല്ലാ താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ച ക്ലിനിക്കൽ സ്ഥാപനങ്ങളും അതാതു തലത്തിനുവേണ്ട നിലവാരം ആർജ്ജിച്ചതിനു ശേഷം സ്ഥിരം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ടതാണ്. |
| സി) | സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന് മുന്നോടിയായി സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ; | | |
| ഡി) | ആരോഗ്യ സ്ഥാപന നിയന്ത്രണ നിയമം എന്നു നിലവിൽ വരുമെന്നും ആയതിലേക്കുള്ള ചുവടുവെയ്പ്പും അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ